(ഡി) ഹുസൈന്റെ അനന്തരാവകാശികൾക്ക് ധനസഹായം നൽകണമെന്ന് ദേശീയ മനുഷ്യാവകാശ കമ്മിഷൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(ഇ) എന്തുതുക കൊടുക്കണമെന്നാണ് കമ്മിഷൻ നിർദ്ദേശിച്ചത്;

(എഫ്)പ്രസ്തുത തുക കൊടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മേപ്പാടി പോലീസ് സ്റ്റേഷനിലെ കോൺസ്റ്റബിൾമാരായ പ്രകാശൻ(പി.സി.1114), ഇബ്രാഹിം (പി.സി.1216) എന്നിവർ ഉത്തരവാദികളാണ്.

(ബി) അവരുടെ പേരിൽ മേപ്പാടി പോലീസ് സ്റ്റേഷനിൽ ക്രൈം നം.29/99 അ./സെ.323, 325 ആർ/ഡബ്ല്യൂ. 34 ഐ.പി.സി.പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ആൾട്ടർ ചെയ്ത് സെക്ഷൻ 304 ആർ./ഡബ്ല്യൂ.34 ഐ.പി.സി. ആക്കിയിട്ടുണ്ട്. ഇവർക്കെതിരെയുള്ള ചാർജ്ജ് ഷീറ്റ് കൽപ്പറ്റ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. ടി പോലീസുകാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മേപ്പാടി എസ്.ഐ. ശ്രീ.കെ. ഇസ്മയിൽ. പി.സി.1115 മുരളി എന്നിവർക്കെതിരെ ഓറൽ എൻക്വയറിക്ക് ഉത്തരവായിട്ടുള്ളതുമാണ്. മാത്രമല്ല ഹുസൈന്റെ അനന്തരാവകാശികൾക്ക് അനുവദിച്ച നഷ്ടപരിഹാരത്തുക കുറ്റക്കാരായ പോലീസുകാരിൽ നിന്നും ഈടാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കേസ് എടുത്തിട്ടുണ്ട്.

(ഡി)-(എഫ്) ഹുസൈന്റെ അനന്തരാവകാശികൾക്ക് രണ്ടു ലക്ഷം രൂപ നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത തുക നൽകുന്നതിനായി ഹുസൈന്റെ അനന്തരാവകാശികളോട് ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

ബിനോയിയെ മർദ്ദിച്ച സംഭവം

67 (723)ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 29/2/2000 രാത്രിയിൽ തമ്പാനൂർ സ്റ്റേഷനിൽ ഡ്യൂട്ടി പോലീസ് ഹാജരാക്കിയ ബിനോയി എന്നു പേരുള്ള ഒരാളിന് അവിടെവച്ച് മർദ്ദനം ഏറ്റുവോ;

(ബി) ജനറൽ ഡയറി എഴുതുന്ന ഹെഡ് കോൺസ്റ്റബിളും പാറാവ് പി.സി.യും ചേർന്നാണ് ബിനോയിയെ മർദ്ദിച്ചതെന്ന് ബിനോയി തമ്പാനൂർ പോലീസ് സ്റ്റേഷനിൽ മൊഴി നൽകിയോ;

(സി) ഇതു സംബന്ധിച്ച് പോലീസുകാർക്ക് എതിരെ എടുത്ത കേസ്സിൽ എത്രപേർ പ്രതികൾ ആയിട്ടുണ്ട്; ആരെല്ലാം;

(ഡി) തമ്പാനൂർ പോലീസ് സ്റ്റേഷനിൽവച്ചാണ് ബിനോയിക്ക് മർദ്ദനമേറ്റതെങ്കിൽ, സ്റ്റേഷൻ ചാർജ്ജുണ്ടായിരുന്നവരെ ഈ കേസ്സിൽ പ്രതിചേർത്തിട്ടുണ്ടോ;

(ഇ) മർദ്ദനം ഏറ്റ സമയത്ത് സ്റ്റേഷനിൽ ഉണ്ടായിരുന്ന ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻ കേസ്സിൽ പ്രതിയായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ കേസ്സിൽ നിരപരാധികളായവരെ പ്രതിയാക്കുകയും കുറ്റം ചെയ്തവരെ കേസ്സിൽ ഉൾപ്പെടുത്താതിരിക്കുകയും ചെയ്യുന്നു എന്ന പരാതി ഉണ്ടായിട്ടുണ്ടോ;

(ജി) ബിനോയ് എന്നയാൾ പോക്കറ്റടിച്ചു എന്ന പരാതിയിന്മേൽ എന്തെല്ലാം അന്വേഷണം നടത്തി;

(എച്ച്) ഒരന്വേഷണവും നടത്താത്തപക്ഷം കാരണമെന്ത്?

ഉത്തരം

(എ) മർദ്ദനം ഏറ്റിട്ടുണ്ട്.

(ബി) ഇല്ല.

(സി) രാജശേഖരൻ, സലാഹുദ്ദീൻ, ശശി എന്നിവർ പ്രതികളാണ്.

(ഡി) ഇല്ല.

(ഇ) ഉണ്ട്.

(എഫ്) ഇല്ല.

(ജി-എച്ച്) പരാതി ലഭിച്ചിട്ടില്ലാത്തതിനാൽ നടപടി ആവശ്യമില്ല.

ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ ഉദ്യോഗസ്ഥരെ ആക്രമിക്കുന്നതിനെതിരെ നടപടി

68 (724)ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർക്ക് നേരിടേണ്ടിവരുന്ന അക്രമസംഭവങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കാറുണ്ടോ;

(ബി) നാട്ടകം ഗസ്റ്റ് ഹൗസ് ജീവനക്കാരുടെ നേരെ നടന്ന അക്രമ സംഭവത്തിലും കാസർഗോഡ് വിദ്യാഭ്യാസവകുപ്പ് ജോയിന്റ് ഡയറക്ടറും, കണ്ണൂർ ജില്ലയിൽ പഞ്ചായത്ത് സെക്രട്ടറിമാരും ആക്രമിക്കപ്പെട്ട സംഭവത്തിലും ഫലപ്രദമായ നിയമനടപടികൾ സ്വീകരിച്ചില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സംഭവങ്ങളിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഡി) ഇത്തരം സംഭവങ്ങൾക്ക് എതിരെ ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാരുടെ സംഘടനകൾ നൽകിയ പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഏതെല്ലാം സംഘടനകളാണ് ഇത് സംബന്ധിച്ച പരാതിനൽകിയതെന്നും, ഇതിന്മേൽ എന്തു നടപടി ഇതേ വരെ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(എഫ്) ഇത്തരം സംഭവങ്ങളിൽ കർശന നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly